# <u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>

**ഹാജർ : യു.വി. ജോസ്. ഐ.എ.എസ്. (റിട്ട.)**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണത്തിനായി BIOTECH RENEWABLE ENERGY PVT LTD എന്ന സ്ഥാപനം മുന്നോട്ട് വച്ച കംപോസ്റ്റർ ഗാർഡൻ എന്ന മാലിന്യ സംസ്കരണ ഉപാധിയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. 13-08-2018-ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ്കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.

2. BIOTECH RENEWABLE ENERGY PRIVATE LTD എന്ന സ്ഥാപനത്തിന്റെ 04-07-2023-ലെ NO.BT/WTP/24 നം കത്ത്

3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.04.2024 ലെ 6482/C4/2023/SM നമ്പർ നടപടിക്രമം.

4. 24.06.2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നം: 3522/C4/2023/SM തീയതി: 24.07.2024

പരാമർശം (1) പ്രകാരം 13-08-2018-ൽ ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ശുചിത്വമിഷൻ്റെ 29-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനപ്രകാരം ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവനദാതാക്കളെ എംപാനൽ ചെയ്യുന്നതിനും മാലിന്യ സംസ്കരണോപാധികളുടെ നിരക്ക് നിശ്ചയിക്കുന്നതിനും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിലേക്കും പുതുതായ ഖരമാലിന്യ സംസ്കരണ സാങ്കേതിക വിദ്യകൾക്കു അംഗീകാരം നൽകുന്നതിലേയ്ക്കുമായി പരാമർശം (3) പ്രകാരം സാങ്കേതിക സമിതി പുനർ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (1) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

കംപോസ്റ്റർ ഗാർഡൻ എന്ന മാലിന്യ സംസ്കരണ ഉപാധിയ്ക്കു ശുചിത്വ മിഷൻ അംഗീകാരം നൽകണം എന്നു ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം BIOTECH RENEWABLE ENERGY PVT. LTD എന്ന സ്ഥാപനം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത അപേക്ഷ പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസി സമർപ്പിച്ചിട്ടുള്ള കംപോസ്റ്റർ ഗാർഡൻ എന്ന ജൈവമാലിന്യ സംസ്കരണ ഉപാധിയ്ക്ക് അംഗീകാരം നൽകാവുന്നതാണെന്ന് സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, സൂചിത ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം(4) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരം കംപോസ്റ്റർ ഗാർഡൻ എന്ന ഉപാധി ഉപയോഗിച്ചുകൊണ്ടുള്ള ഖരമാലിന്യ സംസ്കാരത്തിന് BIOTECH RENEWABLE ENERGY PVT LTD എന്ന എജൻസിക്ക് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസികളുടെ സേവന കാലാവധി **ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക്** ആയിരിക്കും.

| Name of Agency | Remarks |
|---|---|
| BIOTECH RENEWABLE ENERGY PVT. LTD<br>M.P Appan Road, Vazhuthacaud, Thycaud P.O, Thiruvananthapuram- 595 011.<br>Mob : 0471 2321909, 2332179, 2331909<br>Email : mailtobiotech@gmail.com | Approval for composter garden device is granted for one year. |

നിബന്ധനകൾ

1. ഈ അംഗീകാരത്തിൻ്റെ കാലാവധി ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കുന്നതും. ആയതിന് ശേഷം ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകാരം പുതുക്കി നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.
2. അംഗീകാരം ലഭിച്ച പുതിയ സാങ്കേതിക വിദ്യകൾ/ ഉപാധികൾ അംഗീകാരം ലഭിക്കുവാൻ ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും, സ്പെസിഫിക്കേഷനുകളും പാലിച്ചാണ് സ്ഥാപിക്കപ്പെടുന്നതെന്ന് നിർവ്വഹണ ഏജൻസി ഉറപ്പു വരുത്തേണ്ടതാണ്.
3. പുതുതായി അംഗീകാരം നൽകുന്ന ഉപാധികൾ പ്രവർത്തിക്കുന്ന കാലയളവിൽ ടി ഉപാധിയിൽ നിന്നുമുണ്ടാകുന്ന ഉത്പന്നത്തിൻ്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും ഉപാധിയിൽ നിന്നും പരിസ്ഥിതിക്ക്/ ജലസ്രോതസ്സുകൾക്ക് ദോഷകരമാകുന്ന ഒന്നും തന്നെ പുറംതള്ളുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
4. എല്ലാ വർഷവും ഏപ്രിൽ 30-നു മുമ്പായി, ടി ഏജൻസി ഒരു വർഷത്തിനകം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ്

(വർക്ക് ഓഡർ), വാർഷിക ഓഡിറ്റ് സ്റ്റേറ്റ്മെൻ്റിൻ്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ടി ഉപാധിയുടെ ഗുണദോഷഫലങ്ങൾ, പെർഫോർമൻസ് എന്നിവ കൂടി വിലയിരുത്തിയതിനുശേഷം കമ്മിറ്റിയുടെ നിർദ്ദേശാനുസരണമായിരിക്കും ഏജൻസിയുടെ അംഗീകാരം പുതുക്കി നൽകുന്ന കാര്യം പരിഗണിക്കുന്നത്.

5. ടി പ്ലാന്റിൽ നിന്നും പുറന്തള്ളുന്ന ഘടകങ്ങളുടെ നിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ഉള്ളതാണെന്ന് നിർവ്വഹണ ഏജൻസി ഉറപ്പ് വരുത്തേണ്ടതാണ്.
6. നൂതന സാങ്കേതിക വിദ്യ/ ഉപാധിയുടെ ഗുണനിലവാരവും, ഏജൻസിയുടെ പ്രവർത്തന മികവും ശുചിത്വ മിഷൻ വിലയിരുത്തുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.
7. ഏജൻസികൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. മേൽ പറഞ്ഞ നിബന്ധകൾക്ക് ഉപരിയായി ഏജൻസി സമർപ്പിച്ച സാങ്കേതിക വിദ്യ/ ഉപാധി/ സേവനം തൃപ്തികരമല്ലാത്തപക്ഷം അംഗീകാരം പുനഃപരിശോധിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
8. പദ്ധതി നിർവ്വഹണ ഏജൻസി/ സേവനദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിൻ്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാൻ്റിൻ്റെ കപ്പാസിറ്റി, പീരിയോഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ് എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.
9. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ നടപ്പിലാക്കേണ്ടത്.
10. നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതൊരു സമയത്തും സേവനദാതാവായി/ ടെക്നോളജി/ ഉപാധിയുടെ അംഗീകാരം ലഭിച്ച ഏജൻസികളുടെ അംഗീകാരം ഒഴിവാക്കുന്നതിന്/ ഭേദഗതി വരുത്തുന്നതിന് ശുചിത്വ മിഷന് അംഗീകാരം ഉണ്ടായിരിക്കുന്നതാണ്.
11. ഏജൻസിയെക്കുറിച്ചോ, പ്രസ്തുത മാലിന്യ സംസ്കരണ സംവിധാനം സംബന്ധിച്ചോ എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
12. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദു ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
13. സേവനദാതാക്കൾ അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രം പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്.

14. സർക്കാർ/ശുചിത്വ മിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ താങ്കൾ പങ്കെടുത്ത് വിജയിപ്പിക്കേണ്ടതാണ്.

Sd/-
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന).
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.